നം. റ്റി1/25378/2016/ഡി.പി.ഐ 7160

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 29/07/2017

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

**വിഷയം:-** 2015-16 വർഷത്തിലെ മൂല്യനിർണ്ണയം കഴിഞ്ഞ എസ്എസ്എൽസി/ടി.ടി.സി. ഉത്തര കടലാസുകൾ വിൽപ്പന - സംബന്ധിച്ച്.

**സൂചന:-**
1. സ്റ്റേഷനറി കൺട്രോളറുടെ 02.06.2016 തീയതിയിലെ 5020/ഡി1/2016/സ്റ്റേ നമ്പർ കത്ത്.
2. സ്റ്റേഷനറി കൺട്രോളറുടെ 21.03.2017-ലെ കത്ത്.
3. പരീക്ഷാ സെക്രട്ടറിയുടെ 03.05.2017-ലെ കത്ത്.

മേൽ സൂചന പ്രകാരം മാർച്ച് 2016 വരെയുള്ള മൂല്യനിർണ്ണയം കഴിഞ്ഞ എസ്.എസ്.എൽ.സി/ടിടിസി ഉത്തരക്കടലാസുകൾ സ്റ്റേഷനറി വകുപ്പിന്റെ കരാറുകാരന് നൽകുന്നത് സംബന്ധിച്ച് സ്റ്റേഷനറി കൺട്രോളർ ഉത്തരവ് പുറപ്പെടുവിച്ചതിനാൽ മൂല്യനിർണ്ണയം കഴിഞ്ഞ 2016 മാർച്ച് വരെയുള്ള എസ്എസ്എൽസി ഉത്തരക്കടലാസുകൾ ബന്ധപ്പെട്ട പരീക്ഷാ മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും നീക്കം ചെയ്യുവാനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ശ്രീ. ജി. മോഹൻകുമാർ, ഷൺമുഖ സദനം, റൂബിനഗർ (പി.ഒ.), ചങ്ങനാശ്ശേരി എന്ന കരാറുകാരനാണ് ഉത്തരക്കടലാസുകൾ നീക്കം ചെയ്യുവാൻ സ്റ്റേഷനറി വകുപ്പ് കരാർ നൽകിയിട്ടുണ്ട്. ആയതിനാൽ താങ്കളുടെ കീഴിലുള്ള എസ്എസ്എൽസി പരീക്ഷാ മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും 2015-16 വർഷത്തെ (മാർച്ച് 2016 വരെയുള്ള) മൂല്യനിർണ്ണയം കഴിഞ്ഞ എസ്എസ്എൽസി/ടിടിസി ഉത്തരക്കടലാസുകൾ സ്റ്റേഷനറി വകുപ്പിന്റെ കരാറുകാരനായ ശ്രീ. ജി. മോഹൻകുമാറിന് തിരിച്ചറിയൽ കാർഡ് പരിശോധിച്ചതിന് ശേഷം നൽകുവാൻ ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും പേപ്പർ നീക്കം ചെയ്യുമ്പോൾ സ്കൂൾ ഹെഡ്മാസ്റ്ററുടേയും, ഒരു പി.റ്റി.എ. മെമ്പറുടേയും സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതാണ്. യാതൊരു കാരണവശാലും 2016 മാർച്ചിനു ശേഷമുള്ള ഉത്തരക്കടലാസുകളോ, മറ്റ് പാഴ്കടലാസുകളോ കരാറുകാരന് നൽകുവാൻ പാടുള്ളതല്ല. ഉത്തരക്കടലാസുകളുടെ വിൽപ്പന സംബന്ധിച്ച കണക്കുകൾ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് തുക ബന്ധപ്പെട്ട ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് രസീത് സ്റ്റേഷനറി കൺട്രോളറുടേയും വിൽപ്പന നികുതി ഓഫീസറുടേയും പേർക്ക് അയച്ചു കൊടുക്കുന്നതാണ്.

DS/7160/2017 Dt 07.08.17

വിശ്വസ്തതയോടെ
ഒപ്പ്/-
പൊതു വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്